(സി&ഡി) 1993 ഏപ്രിൽ രണ്ടിനാണ് എസ്.എൻ.സി. ഷവനിഗനുമായി എഗ്രിമെന്റ് വച്ചത്. ലോവർ പെരിയാർ പദ്ധതിക്കുള്ള ലോകബാങ്ക് സഹായം 31-12-1994-ൽ അവസാനിച്ചെങ്കിലും കൺസൾട്ടൻസിയുടെ സേവനം 1997 ജനുവരിവരെ തുടർന്നു. പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിന് മുമ്പ് ആവർത്തിച്ചിരുന്ന രീതിയിലുള്ള കൺസൾട്ടൻസി സേവനം തുടരണം എന്നു കണ്ടതിനാൽ ലോകബാങ്ക് സഹായം നിർത്തിവച്ചശേഷവും കൺസൾട്ടൻസി സേവനം തുടരണമെന്ന് ചീഫ് എഞ്ചിനീയറുടെ ശുപാർശപ്രകാരം ബോർഡ് തീരുമാനിക്കുകയുണ്ടായത്. അതിൻപ്രകാരം 1995 ഫെബ്രുവരി ഒന്നിന് ആദ്യത്തെ സപ്ലിമെന്ററി എഗ്രിമെന്റും 1996 മേയ് മാസം 8-ാം തീയതി രണ്ടാമത്തെ സപ്ലിമെന്ററിഎഗ്രിമെന്റും ഒപ്പുവെച്ചു.

(ഇ&എഫ്) ലോകബാങ്ക് പ്രത്യേകിച്ച് തുകകളൊന്നും ശുപാർശ ചെയ്തിരുന്നില്ല. വൈദ്യുതി ബോർഡും എസ്.എൻ.സി. ലാവലിനുമായുള്ള കരാർ പ്രകാരമാണ് തുക തീരുമാനിച്ചത്.

(ജി) എസ്.എൻ.സി. ലാവലിന് ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് നല്കിയതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ വിജിലൻസ് കേസ്സിന്റെ അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

(എച്ച്&ഐ) എസ്.എൻ.സി. ഷവനിഗൻ കനേഡിയൻ കമ്പനിക്ക് ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് നൽകാൻ ഇടയായത് സംബന്ധിച്ച് ഒരു വിജിലൻസ് കേസ്സ് രിജസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. പന്നിയാർ, പള്ളിവാസൽ, ചെങ്കുളം, പദ്ധതികളുടെ നവീകരണവും പുനഃരുദ്ധാരണവും സംബന്ധിച്ച ജോലികൾക്കായി 24-2-1996-ലും കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയ്ക്ക് വേണ്ടി 29-5-1995-ലും വൈദ്യുതി ബോർഡ് പ്രസ്തുത കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

വൈദ്യുതി ബോർഡ് അംഗങ്ങൾ

124 (349) ശ്രീ. ഇ. എം. അഗസ്തി :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വൈദ്യുതിവിതരണ ചട്ടങ്ങളനുസരിച്ച് വൈദ്യുതി ബോർഡിൽ എത്ര അംഗങ്ങൾ വരെയാകാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിൽ എത്ര അംഗങ്ങളുണ്ട് ; അവർ ആരെല്ലാം ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് യോഗങ്ങളിൽ നിയമപ്രകാരം വൈദ്യുതി ബോർഡ് അംഗമല്ലാത്ത ആരെങ്കിലും പങ്കെടുക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വ്യക്തി വൈദ്യുതി ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നത് നിയമാനുസൃതവും ക്രമാനുസൃതവുമാണോ ; വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 7 അംഗങ്ങൾ.

(ബി) പവർ സെക്രട്ടറി ശ്രീ. ജി. രാജശേഖരൻ ചെയർമാൻ സ്ഥാനം കൂടി അധികമായി വഹിക്കുന്നതുൾപ്പെടെ 7 സ്ഥാനങ്ങളും നികത്തപ്പെട്ടിരിക്കുന്നു.

1. ശ്രീ. ജി. രാജശേഖരൻ - ചെയർമാൻ സ്ഥാനം കൂടി അധികമായി വഹിക്കുന്ന പവർ വകുപ്പ് സെക്രട്ടറി
2. ശ്രീ. വിനോദ് റായ് - ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
3. ശ്രീ. പി. ജെ. മാത്യു - ഫൈനാൻസ് മെമ്പർ
4. ശ്രീ. കെ. കൃഷ്ണൻകുട്ടി - ട്രാൻസ്മിഷൻ മെമ്പർ
5. ശ്രീ. വി. വിശ്വനാഥപ്രഭു - ജനറേഷൻ മെമ്പർ
6. ശ്രീ. കൊടിയേരി ബാലകൃഷ്ണൻ - അനൗദ്യോഗിക അംഗം

(സി&ഡി) 1998-ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുത നയമനുസരിച്ച് വൈദ്യുതി ബോർഡിലെ മൂന്ന് ലാഭകേന്ദ്രങ്ങളും ഓരോ മെമ്പർമാരുടെ കീഴിലാണ് പ്രവർത്തിക്കേണ്ടത്. ഇത്തരത്തിൽ പ്രവർത്തിക്കുവാൻ കൂടുതലായി ഒരംഗത്തെ ഉൾപ്പെടുത്തേണ്ടത് ആവശ്യമായതിനാൽ ഇതിനായി അംഗസംഖ്യ 8 ആയി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു. പ്രസിഡന്റിന്റെ ഔപചാരിക അനുമതി മാത്രമേ ഇനി ലഭിക്കുവാനുള്ളൂ. ഇത്തരം ഒരു സാഹചര്യത്തിൽ ബോർഡിന്റെ മൂന്നു പ്രോഫിറ്റ് സെന്ററുകളുടേയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുവേണ്ടിയാണ്, ഡിസ്ട്രിബ്യൂഷന്റെ ചീഫ് ആയി പ്രവർത്തിക്കുന്ന ശ്രീ.പി.ടി.യോഹന്നാനെ പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ ബോർഡ് യോഗങ്ങളിൽ പങ്കെടുപ്പിക്കുന്നത്. ഇദ്ദേഹത്തിന് വോട്ടവകാശം ഇല്ല.

വൈദ്യുതി ബോർഡിൽ ഒഴിവുള്ള തസ്തികകൾ

125 (350) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് ; തസ്തിക തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ ഒഴിവുകൾ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഒഴിവുകൾ നികത്തുന്നതിന് സാമ്പത്തിക ഞെരുക്കം തടസ്സമാണോ ?

LIBRARY ARCHIVES Kerala Legislative Assembly